# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 382 — 16.03.2017-ൽ മറുപടിയ്ക്ക്

## കാർബൺ ന്യൂട്രൽ ജില്ലയാക്കാനുള്ള പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എം.ഷാജി<br>,, സി.മമ്മൂട്ടി<br>,, മഞ്ഞളാംകുഴി അലി<br>,, എൻ .എ.നെല്ലിക്കുന്ന് | ശ്രീ. അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |

| ചോദ്യം | ഉത്തരം |
|---|---|
| എ) **കാർബൺ ന്യൂട്രൽ ജില്ലയായി വയനാടിനെ മാറ്റിയെടുക്കുന്ന പദ്ധതി പ്രകാരം വനംവകുപ്പ് ഇതേവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;** | എ) വയനാട് ജില്ലയെ മുഴുവനായും കാർബൺ ന്യൂട്രൽ ജില്ലയായി മാറ്റിയെടുക്കുന്നതിന് വനം വകുപ്പ് ഇതേവരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. എങ്കിലും വയനാട് ജില്ലയിലെ മീനങ്ങാടി ഗ്രാമപഞ്ചായത്തിൽ ഇതു സംബന്ധിച്ച് ഒരു പൈലറ്റ് പ്രോജക്ട് നടപ്പിലാക്കി വരുന്നു. |
| ബി) **ഇതിന് പൈലറ്റ് പ്രോജക്ട് ഉണ്ടാക്കി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ ഫലപ്രാപ്തിയെക്കുറിച്ച് വിശദമാക്കുമോ;** | ബി) വയനാട് ജില്ലയിലെ മീനങ്ങാടി ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽപ്പെട്ട പ്രദേശങ്ങളെയാണ് കാർബൺ ന്യൂട്രൽ പദ്ധതിക്കായി തിരഞ്ഞെടുത്തിട്ടുള്ളത്. ഈ പരിപാടിയ്ക്ക് ആവശ്യമായ പ്രാരംഭ പ്രവർത്തനങ്ങളും പ്രോജക്ടുകളും മീനങ്ങാടി ഗ്രാമപഞ്ചായത്താണ് നടപ്പിലാക്കി വരുന്നത്. |
| സി) **ഈ പദ്ധതി സംസ്ഥാനത്താകെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?** | ഈ പരിപാടി സംസ്ഥാനത്താകെ നടപ്പാക്കുന്നതു സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനങ്ങളൊന്നും തന്നെ കൈക്കൊണ്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**